പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6518 — 08.11.2016 ൽ മറുപടിക്ക്

## എലിഞ്ഞിപ്ര സി.എച്ച്.സി.യിൽ ആവശ്യമായ സൗകര്യങ്ങൾ

| | ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോടശ്ശേരി പഞ്ചായത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി. , സി.എച്ച്.സി യായി ഉയർത്തപ്പെട്ടെങ്കിലും അതിനനുസൃതമായി കൂടുതൽ സ്റ്റാഫുകളോ, സൗകര്യങ്ങളോ ഏർപ്പെടുത്താത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യകുടുംബക്ഷേമ വകുപ്പ് ജി.ഒ.(എം.എസ്) നം.60/2009, തീയതി 02.03.2009 പ്രകാരം എലഞ്ഞിപ്ര ആശുപത്രി സി.എച്ച്.സി.ആയി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. |
| (ബി) | എലിഞ്ഞിപ്ര സി.എച്ച്.സി.യിൽ ആവശ്യമായ സൗകര്യങ്ങളും, ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | എലിഞ്ഞിപ്ര സി.എച്ച്.സി. ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസലിൽ ബ്ലോക്ക്തല സി.എച്ച്.സി എന്ന നിലയിൽ ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാറാക്കി വരുന്ന സമാഹൃത പ്രപ്പോസലിലും എലഞ്ഞിപ്ര സി.എച്ച്.സി ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പബ്ലിക് ഹെൽത്ത് നെഴ്സിന്റെ ഒരു ഒഴിവ് ഉണ്ട്. നിശ്ചിത യോഗ്യതയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സുമാർക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോൾ ടി ഒഴിവ് നികത്തുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ